സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത്

പൗരാവകാശരേഖ

2025-26

സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പൌരാവകാശ രേഖ .

സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് ഗുണഭോക്തൃ ഗ്രൂപ്പുകളും, സാമൂഹ്യ സാംസ്കാരിക പ്രവർത്തകരുമായി ചർച്ച നടത്തി വികസന നയം രൂപീകരിച്ച് മുന്നോട്ട് പോവുകയാണ്. ***സമഗ്രം, സമ്പന്നം, സമൃദ്ധം..... സുസ്ഥിര വികസനം*** എന്ന മുദ്രാവാക്യവുമായി സുൽത്താൻ ബത്തേരി ബ്ലോക്ക് പരിധിയിൽ ആളോഹരി വരുമാനം വർദ്ധിപ്പിക്കുന്നതിനും, അടിസ്ഥാന ഉത്പാദന സേവന മേഖലകളിലൂടെ സജീവ ഇടപെടലിലൂടെ സമഗ്ര വികസനം നടപ്പിലാക്കുക എന്നതാണ് നയം.

നാട്ടിലെ മികച്ച റോഡുകളും കെട്ടിടങ്ങളും സ്കൂളുകളും, അംഗൺവാടികളും തുടങ്ങി അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കുമ്പോഴും കാർഷിക, കാർഷികേതര മേഖലകളിലെ ഇടപെടൽ ജനങ്ങളുടെ ജീവിത നിലവാരത്തിന് സഹായകമാവും എന്ന് പ്രതീക്ഷിക്കുന്നു. സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി, മീനങ്ങാടി, അമ്പലവയൽ സി.എച്ച്.സി എന്നിവയുടെ അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തുന്നത് വഴി ആരോഗ്യ മേഖലയുടെ സമഗ്ര വികസനം ലഭ്യമാകുന്നതാണ്.

പൊതുഭരണം, കൃഷി, മൃഗ സംരക്ഷണം, ക്ഷീര വികസനം, ദാരിദ്ര്യ ലഘൂകരണം, കുട്ടികളുടെയും സ്ത്രീകളുടെയും ഉന്നമനം, കുടിവെള്ളം, ശുചിത്വം, സാമൂഹ്യ നീതി, വിദ്യാഭ്യാസം, കല സംസ്കാരം, കായിക മേഖല, പട്ടിക ജാതി പട്ടിക വർഗ്ഗ വികസനം, പൊതു മരാമത്ത്, ജൈവ വൈവിധ്യ മാനേജ്മെന്റ് മുതലായ മേഖലകളിൽ ഇടപെടലുകൾ നടത്തി യഥാർത്ഥ അർത്ഥത്തിൽ വികസനം യാഥാർത്ഥ്യമാക്കുക എന്നതാണ് ലക്ഷ്യം.

ഈ ലക്ഷ്യങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷയോടെ ഈ പൌരാവകാശ രേഖ ജനങ്ങൾക്ക് മുമ്പാകെ സമർപ്പിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്ട് 1994
സെക്ഷൻ 272 എ
(24.03.1999 മുതൽ പ്രാബല്യത്തിൽ വരുന്ന വിധത്തിൽ 1999 ലെ 13-ാം ആക്ട് പ്രകാരം ഉൾച്ചേർത്തത്)

272 എ പൗരൻമാർക്കുള്ള അവകാശങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന് -

(1) ഓരോ പഞ്ചായത്തും നിർണ്ണയിക്കപ്പെട്ട രീതിയിൽ പൗരൻമാർക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളേയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കി പൗരാവകാശ രേഖ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(2) പൗരാവകാശരേഖ കാലാകാലങ്ങളിൽ, അതാത്, വർഷത്തിലൊരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്.

2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങൾ (19.06.2004 ലെ 1289-ാം നമ്പർ കേരള ഗസറ്റ് (എക്സ്ട്രാ ഓർഡിനറി) എസ്.ആർ.ഒ നമ്പർ 627/2004, 17.05.2004 ലെ ജി.ഒ.പി നം 167/2004/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പ്രസിദ്ധപ്പെടുത്തിയത്)

ഈ പൗരാവകാശരേഖ തയ്യാറാക്കിയിട്ടുള്ളത് മുകളിൽ പറയുന്ന നിയമത്തിന്റേയും ചട്ടങ്ങളുടേയും അടിസ്ഥാനത്തിലാണ്. പൊതുസമൂഹത്തിനു താൽപര്യമുണ്ടാവാൻ ഇടയുള്ള ഏതാനും പൊതുവിവരങ്ങളും ഈ രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വയനാട് ജില്ലയിലെ ജനപ്രതിനിധികൾ

ക്രമ നം	പേര്	നിയോജകമണ്ഡലം	ടെലിഫോൺ	
			ഓഫീസ്	മൊബൈൽ
1	ശ്രീമതി പ്രിയങ്കഗാന്ധി	വയനാട് പാർലമെന്റ് മണ്ഡലം	04936 205500	9846122411
2	ശ്രീ.ഐ.സി.ബാലകൃഷ്ണൻ	സുൽത്താൻ ബത്തേരി നിയമസഭാ മണ്ഡലം		9947675080
3	ശ്രീ.സിദ്ദിഖ് ടി	കൽപ്പറ്റ നിയമസഭാ മണ്ഡലം	04936207000	9446891227
4	ശ്രീ.ഒ.ആർ.കേളു	മാനന്തവാടി നിയമസഭാ മണ്ഡലം		9446545146

ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികൾ

ശ്രീ സംഷാദ് മരക്കാർ	വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

ക്രമ നം	പേര്	ഡിവിഷൻ	മൊബൈൽ	പദവി
1	ശ്രീമതി.സിന്ധു ശ്രീധരൻ	മീനങ്ങാടി	9947401937	
2	ശ്രീ.അമൽ ജോയി	ചീരാൽ		
3	ശ്രീ.സുരേഷ് താളൂർ	തോമാട്ടുചാൽ		
4	ശ്രീമതി.സീതാവിജയൻ	അമ്പലവയൽ	9497652050	

ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ

ക്രമ നം	പേര്	സ്ഥാനം	വാർഡ് നം
1	സി.അസൈനാർ	പ്രസിഡന്റ്	13. കൃഷ്ണഗിരി
2	അമ്പിളി സുധി	വൈസ് പ്രസിഡന്റ്	09.ചുള്ളിയോട്
3	ലത ശശി	വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ	02.കൊളഗപ്പാറ
4	എടക്കൽ മോഹനൻ,	ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	08.കോളിയാടി
5	അനീഷ് ബി നായർ	ആരോഗ്യ , വിദ്യാഭ്യാസകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിചെയർമാൻ	11.അമ്പലവയൽ
6	ഗ്ലാഡിസ് സ്ക്കറിയ	മെമ്പർ	12.കുമ്പളേരി
7	മണി സി ചോയിമൂല	മെമ്പർ	06.മുത്തങ്ങ
8	പി.കെ.സത്താർ	മെമ്പർ	03.അമ്പുകുത്തി
9	പ്രസന്ന ശശീന്ദ്രൻ	മെമ്പർ	07.ചീരാൽ
10	എം.എ.അസൈനാർ	മെമ്പർ	04.നമ്പിക്കൊല്ലി
11	ബീന വിജയൻ	മെമ്പർ	01.മീനങ്ങാടി
12	എ.എസ്.വിജയ	മെമ്പർ	10.തോമാട്ടുചാൽ
13	പുഷ്പ അനൂപ്	മെമ്പർ	05.കല്ലൂർ

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ

ക്രമ നം	പേര്	ഗ്രാമപഞ്ചായത്ത്
1	സി കെ ഹഫ്സത്ത്	അമ്പലവയൽ
2	കെ ഇ വിനയൻ	മീനങ്ങാടി
3	ബിന്ദു അനന്തൻ	നെൻമേനി
4	ഷീജ സതീഷ്	നൂൽപ്പുഴ

വർക്കിംഗ് ഗ്രൂപ്പ് നേതൃത്വം

ക്രമ നം.	വർക്കിംഗ് ഗ്രൂപ്പിന്റെ പേര്	ചെയർമാൻ/ചെയർ പേഴ്സൺ	വൈസ് ചെയർമാൻ/ ചെയർ പേഴ്സൺ	കൺവീനർ
1	പൊതുഭരണവും ധനകാര്യവും (കണക്കുകൾ, രേഖകൾ എന്നിവ തയ്യാറാക്കൽ, ഇ-ഗവേണൻസ്, തനത് വരുമാന വർദ്ധനവ്, വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കൽ, സേവന പ്രദാനം മെച്ചപ്പെടുത്തൽ, സദ്ഭരണം, വാതിൽപ്പടി സേവനം മുതലായവ)	അമ്പിളി സുധി	സി എസ് പ്രസാദ്	ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ
2	കൃഷി (ഉൽപ്പന്ന സംഭരണവും സംസ്ക്കരണവും വിപണനവും ഉൾപ്പെടെ) മത്സ്യബന്ധനം, തൊഴിലുറപ്പു പദ്ധതി, മണ്ണ്, ജലസംരക്ഷണം, മുതലായവ	ഗ്ലാഡിസ് സ്കറിയ	ടി ടി സ്കറിയ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ
3	മൃഗസംരക്ഷണവും ക്ഷീരവികസനവും	മണി സി ചോയിമൂല	കെ കെ പൗലോസ്	ക്ഷീര വികസന ഓഫീസർ
4	പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, കുടുംബശ്രീ, സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ), സഹകരണം മുതലായവ	പുഷ്പ അനൂപ്	സതി റെജി	വ്യവസായ വികസന ഓഫീസർ
5	ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)	പി കെ സത്താർ	നാസർ പാലക്കമൂല	ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ
6	ജെൻഡറും വികസനവും, കുട്ടികളുടെ വികസനവും	പ്രസന്ന ശശീന്ദ്രൻ	ഗിരിജ മധു	സി ഡി പി ഒ
7	ആരോഗ്യം	അനീഷ് ബി നായർ	അബ്ദുൾ ഗഫൂർ തോമാട്ടുചാൽ	മെഡിക്കൽ ഓഫീസർ
8	കുടിവെള്ളം, ശുചിത്വം മുതലായവ	എം എ അസൈനാർ	പി ആർ ഉണ്ണികൃഷ്ണൻ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
9	സാമൂഹ്യ നീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ മുതലായവ)	എടക്കൽ മോഹനൻ	ഇ ശശി	സി ഡി പി ഒ

10	വിദ്യാഭ്യാസം, കലയും, സംസ്കാരവും, യുവജനകാര്യം	ബീന വിജയൻ	പി കെ സജീവൻ	ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ
11	പട്ടികജാതി വികസനം / പട്ടികവർഗ്ഗ വികസം	എ എസ് വിജയ	എ സി ശശീന്ദ്രൻ	പട്ടികജാതി വികസന ഓഫീസർ
12	പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)	ലത ശശി	അശോകൻ ചൂരിപ്ര	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
13	ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം	സി അസൈനാർ	എം എസ് ഷെബിൻ	ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ

അടിസ്ഥാന വിവരങ്ങൾ

ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് നിലവിൽ വന്ന വർഷം	1967 ഒക്ടോബർ 2
ബ്ലോക്ക് പഞ്ചായത്ത് നിലവിൽ വന്ന വർഷം	1995 ഒക്ടോബർ 2
ISO 9001:2015 സർട്ടിഫിക്കേഷൻ	TQS / Q248 തീയതി:
സ്ഥാനം	പൂർവ്വ രേഖാംശം 76.13386 മുതൽ 76.44413 വരെ
	ഉത്തര അക്ഷാംശം 11.550286 മുതൽ 11.793912 വരെ
വിസ്തീർണ്ണം	426.51 ച.കി.മീ.
ജനസംഖ്യ	144681
കുടുംബങ്ങൾ	34607
പുരുഷന്മാർ	72280
സ്ത്രീകൾ	72401
പട്ടികജാതി ജനസംഖ്യ	6747
പട്ടികവർഗ്ഗ ജനസംഖ്യ	46985
പാർലമെന്റ് മണ്ഡലം	വയനാട്
അസംബ്ലി മണ്ഡലം	സുൽത്താൻ ബത്തേരി
ഗ്രാമപഞ്ചായത്തുകൾ	നൂൽപ്പുഴ
	നെന്മേനി
	അമ്പലവയൽ
	മീനങ്ങാടി
ജില്ലാ പഞ്ചായത്ത് ഡിവിഷൻ	തോമാട്ടുചാൽ
	അമ്പലവയൽ
	മീനങ്ങാടി
	ചീരാൽ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	മീനങ്ങാടി, കൊളഗപ്പാറ, അമ്പുകുത്തി, നമ്പിക്കൊല്ലി, കല്ലൂർ, മുത്തങ്ങ, ചീരാൽ, കോളിയാടി, ചുള്ളിയോട്, തോമാട്ടുചാൽ, അമ്പലവയൽ, കുമ്പളേരി, കൃഷ്ണഗിരി
ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ	നൂൽപ്പുഴ, കുപ്പാടി (ഭാഗികം), കിടങ്ങനാട് (ഭാഗികം), നെന്മേനി, ചീരാൽ, അമ്പലവയൽ, തോമാട്ടുചാൽ, കൃഷ്ണഗിരി, പുറക്കാടി

ഘടക സ്ഥാപനങ്ങൾ

- കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്
- വെറ്ററിനറി പോളി ക്ലിനിക്
- ഡയറി എക്സ്റ്റൻഷൻ ഓഫീസ്

- ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസ്
- താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ
- താലൂക്ക് ആയുർവേദ ആശുപത്രി
- സാമൂഹ്യ ആരോഗ്യ കേന്ദ്രം അമ്പലവയൽ
- സാമൂഹ്യ ആരോഗ്യ കേന്ദ്രം മീനങ്ങാടി
- സംയോജിത ശിശു വികസന ഓഫീസ് സുൽത്താൻ ബത്തേരി
- സംയോജിത ശിശു വികസന ഓഫീസ് അമ്പലവയൽ
- പട്ടികജാതി വികസന ഓഫീസ് സുൽത്താൻ ബത്തേരി
- ട്രൈബൽ ഡവലപ്മെന്റ് ഓഫീസ് സുൽത്താൻ ബത്തേരി
- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം

പ്രധാന റോഡുകൾ

- എൻ.എച്ച് 766 കോഴിക്കോട് - കൊല്ലഗൽ
- സുൽത്താൻ ബത്തേരി - പാട്ടവയൽ പി.ഡബ്ല്യുഡി ഹൈവേ
- കൊളഗപ്പാറ - വടുവഞ്ചാൽ പി.ഡബ്ല്യുഡി റോഡ്
- സുൽത്താൻ ബത്തേരി - താളൂർ പി.ഡബ്ല്യുഡി റോഡ്
- സുൽത്താൻ ബത്തേരി - മാനന്തവാടി പി.ഡബ്ല്യുഡി റോഡ്

പ്രധാന പുഴകളും തോടുകളും

- നൂൽപ്പുഴ
- കല്ലൂർ പുഴ
- ചിറ്റൂർ പുഴ
- നമ്പിക്കൊല്ലി പുഴ
- കാരാപ്പുഴ
- തൊടുവട്ടി തോട്
- ചുണ്ടാലിപ്പുഴ

പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ

- എടക്കൽ ഗുഹ
- കാരാപ്പുഴ ഡാം
- മുത്തങ്ങ വന്യ ജീവി സങ്കേതം
- ഫാന്റം റോക്ക് അമ്പലവയൽ
- ഹെറിറ്റേജ് മ്യൂസിയം അമ്പലവയൽ

പ്രധാനപ്പെട്ട മറ്റ് സ്ഥാപനങ്ങൾ

- റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, അമ്പലവയൽ
- സെന്റ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി
- ഗവ. പോളി ടെക്നിക്, മീനങ്ങാടി
- ഗവ. എച്ച്.എസ്.എസ്, മീനങ്ങാടി
- ഗവ. എച്ച്.എസ്.എസ്, കാക്കവയൽ
- ആർ.എ.ഐ.സി, മീനങ്ങാടി
- ഗവ.സർവ്വജന വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, സുൽത്താൻ ബത്തേരി

- സെന്റ് മേരീസ് ഹയർ സെക്കന്ററി സ്ക്കൂൾ, സുൽത്താൻ ബത്തേരി
- ജി.എച്ച്.എസ്.എസ്, മൂലങ്കാവ്
- ജി.എച്ച്.എസ്.എസ്, കല്ലൂർ
- ജി.എച്ച്.എസ്.എസ്, ആനപ്പാറ
- ജി.എച്ച്.എസ്.എസ്, അമ്പലവയൽ
- ജി.എച്ച്.എസ്.എസ്, തോമാട്ടുചാൽ
- ജി.എച്ച്.എസ്, സുൽത്താൻ ബത്തേരി
- രാജീവ് ഗാന്ധി മെമ്മോറിയൽ റസിഡൻഷ്യൽ സ്ക്കൂൾ, കല്ലൂർ
- ബി.എഡ്. സെന്റർ, പൂമല
- മാർ ബസേലിയോസ് ബി.എഡ് സെന്റർ, സുൽത്താൻ ബത്തേരി
- ഡയറ്റ്, സുൽത്താൻ ബത്തേരി
- സുൽത്താൻ ബത്തേരി മിൽക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ബ്ലോക്ക് പഞ്ചായത്തും അനുബന്ധ സ്ഥാപനങ്ങളും

ബ്ലോക്ക് പഞ്ചായത്ത്

പ്രസിഡന്റ്

സ്റ്റിയറിംഗ് കമ്മറ്റി

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി	വികസന സ്റ്റാന്റിംഗ് കമ്മറ്റി	ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

ക്രമ നമ്പർ	സ്ഥാപനങ്ങൾ	നിർവ്വഹണ ഉദ്യോഗസ്ഥൻ
1	ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്	സെക്രട്ടറി
2	എൽ.എസ്.ജി.ഡി സബ് ഡിവിഷൻ	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ
3	അഗ്രികൾച്ചറൽ ഓഫീസ്	അസി.ഡയറക്ടർ
4	മൃഗ സംരക്ഷണം	സീനിയർ വെറ്റിനറി സർജൻ
5	സാമൂഹ്യനീതി ഓഫീസ്	സി ഡി പി ഒ ബത്തേരി, സി ഡി പി ഒ അമ്പലവയൽ അഡിഷണൽ
6	ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്	എസ്.സി.ഡി.ഒ
7	താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ഹോസ്പിറ്റൽ ബത്തേരി	സൂപ്രണ്ട്
8	താലൂക്ക് ആയൂർവേദ ഹോസ്പിറ്റൽ	ചീഫ് മെഡിക്കൽ ഓഫീസർ
9	ക്ഷീര വികസനം	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
10	സി.എച്ച.സി മീനങ്ങാടി	മെഡിക്കൽ ഓഫീസർ
11	സി.എച്ച.സി അമ്പലവയൽ	മെഡിക്കൽ ഓഫീസർ
12	റ്റി.ഡി.ഒ. ബത്തേരി	ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സംവിധാനം

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മേധാവി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആണ്. തൊട്ടു താഴെ ഹെഡ് ക്ലാർക്ക്, രണ്ട് ജോയ്ന്റ് ബി,ഡി.ഒ മാർ, ഒരു വനിതാ വികസന ഓഫീസർ, ഹെഡ് അക്കൌണ്ടന്റ്, എക്സ്റ്റൻഷൻ ഓഫീസർ (പി & എം) ഒന്ന് (ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്), ജനറൽ എക്സ്റ്റൻഷൻ ഓഫീസർ ഒന്ന്, രണ്ട് സീനിയർ ക്ലർക്ക്, ക്ലർക്ക് ഒന്ന്, ക്ലർക്ക് പുനർവിന്യാസം ഒന്ന്, ടൈപ്പിസ്റ്റ് സീനിയർ ഗ്രേഡ് ഒന്ന്, ഓഫീസ് അറ്റൻഡന്റ് രണ്ട്, പാർട്ട് ടൈം സ്വീപ്പർ ഒന്ന്, ഡ്രൈവർ ഗ്രൈഡ് I ഒന്ന്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ 8 പേർ എന്നിങ്ങനെ ജീവനക്കാർ ഉണ്ട്.

ചുമതലകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ

എ. പൊതുവായ ചുമതലകൾ

1) ബ്ലോക്ക് തലത്തിൽ സർക്കാർ സർക്കാരിതര സാങ്കേതിക വൈദഗ്ധ്യം ഉപയോഗപ്പെടുത്തുക.
2) ഗ്രാമപഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുക.
3) ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്ത ശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ്, ഫോർവേഡ് ലിങ്കേജ് നൽകുകയും ചെയ്യുക.

ബി. മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ

I. കൃഷി

1. ഗ്രാമീണതലത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി കൃഷിക്കാരെ പരിശീലിപ്പിക്കുക.
2. ഗ്രാമീണതലത്തിലുള്ള പദ്ധതികൾക്കാവശ്യമായ കാർഷിക നിവേശങ്ങൾ ഏർപ്പെടുത്തുക.
3. കാർഷിക പ്രദർശനങ്ങൾ നടത്തുക.
4. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ വരുന്ന നീർമറികൾ പരിപാലിക്കുക.
5. കാർഷിക വായ്പ സ്വരൂപിക്കുക.
6. പട്ടുനൂൽ കൃഷി പ്രോത്സാഹിപ്പിക്കുക.

II. മൃഗ സംരക്ഷണവും ക്ഷീരോത്പാദനവും

1. വെറ്ററിനറി പോളി ക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങളും നടത്തുക.
2. മൃഗസംരക്ഷണത്തിൽ വിദഗ്ധ സേവനം നൽകുക.
3. കന്നുകാലി-കോഴി പ്രദർശനങ്ങൾ നടത്തുക.

III. ചെറുകിട ജലസേചനം

ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾക്കായുള്ള എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുകയും പരിപാലിക്കുകയും ചെയ്യുക.

IV. മത്സ്യബന്ധനം

പരമ്പരാഗത കടവുകളുടെ വികസനം.

V. ചെറുകിട വ്യവസായം

1. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

2. എസ്.എസ്.ഐ.യുടെ മൂന്നിലൊന്ന് നിക്ഷേപ പരിധിയോടുകൂടിയുള്ള വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. വ്യവസായ മേഖലയിൽ സ്വയംതൊഴിൽ പദ്ധതി കൾ ആവിഷ്കരിക്കുക.

VI. ഭവന നിർമ്മാണം

1. ചെലവ് കുറഞ്ഞ ഭവന നിർമ്മാണം പ്രചരിപ്പിക്കുക.
2. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിക്കുക.

VII. വിദ്യുച്ഛക്തിയും ഊർജ്ജവും

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുക.

VIII. വിദ്യാഭ്യാസം

സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ്.

IX. പൊതുമരാമത്ത്

1. ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക.
2. സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുക.

X. പൊതുജന ആരോഗ്യവും സുചീകരണവും

ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാതരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക.

XI. സാമൂഹ്യ ക്ഷേമം

ഐ.സി.ഡി.എസ് കൾ നടത്തുക.

XII. ദാരിദ്ര്യ നിർമ്മാർജ്ജനം

1. ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് തൊഴിൽ സുരക്ഷാ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുക.
2. പാവപ്പെട്ടവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള അഭിരുചി വർദ്ധിപ്പിക്കുകയും ദാരിദ്ര്യ രേഖകയ്ക്ക് താഴെയുള്ള ആളുകൾക്ക് വേതനത്തോട് കൂടിയ തൊഴിൽ നൽകുകയും ചെയ്യുക.

XIII. പട്ടികജാതി പട്ടികവർഗ്ഗ വികസനം

1. പ്രീ-മെട്രിക് ഹോസ്റ്റലുകൾ നടത്തുക.
2. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള സഹകരണ സംഘങ്ങൾ വളർത്തുക.

XIV. സഹകരണം.

1. ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിക്കുക.
2. സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

പദ്ധതി പ്രവർത്തനങ്ങൾ

കേരള പഞ്ചായത്ത് രാജ് നിയത്തിലെ വകുപ്പ് **175** ൽ പരാമർശിച്ചത് നിയമത്തിന്റെ ഭാഗമായി ചേർത്തിട്ടുള്ള നാലാം പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്നതോ, കാലാകാലങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നിർദ്ദേശിക്കുന്നതോ ആയ പ്രവർത്തനങ്ങൾ പ്രാദേശിക വികസനത്തിനുതകുന്ന തരത്തിൽ സാമൂഹ നീതി ഉറപ്പ് വരുത്തിയാണ് സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ടും ആസൂത്രണം ചെയ്ത് നടപ്പാക്കുക എന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. ബ്ലോക്കിന്റെയും ഇവിടുത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ലക്ഷമിട്ടുകൊണ്ട് ദീർഘകാല വീക്ഷണത്തോടെ തയ്യാറാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി നിർവ്വഹണ ഉദ്യോഗസ്ഥനും മറ്റു പിന്തുണാ സംവിധാനങ്ങളും ബ്ലോക്ക് പഞ്ചായത്തിനെ സഹായിക്കുന്നു.

ഉൽപാദന മേഖലയുടെ സ്ഥായിയായ വളർച്ചക്കും പ്രകൃതി വിഭവങ്ങളുടെയും പരിസ്ഥിതിയുടെയും സംരക്ഷണത്തിനും സ്ഥായിയായ നിലനിൽപ്പിനും ആരോഗ്യം വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വീട് കുടിവെള്ളം. ഗതാഗത സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതികളിൽ പ്രത്യേക പരിഗണന നൽകുന്നു. പി. എം. എ. വൈ വീടുകൾക്കുള്ള വിഹിതം, പാലിയേറ്റീവ് കെയർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പദ്ധതികൾ എന്നിവയ്ക്കും വികസന ഫണ്ടിൽ നിന്നും നിർബന്ധിതമായി തുക വകയിരുത്തുന്നു. വനിതാ ഘടക പദ്ധതിക്ക് **10** ശതമാനവും, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, പാലിയേറ്റീവ് കെയർ രോഗികൾ എന്നിവർക്ക് **10** ശതമാനം തുകയും വികസന ഫണ്ടിൽ നിന്നും നീക്കിവെക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കി വരുന്നു നിയമപ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ നിക്ഷിപ്തമല്ലാത്തതോ, സർക്കാർ പ്രത്യേകം ഏൽപ്പിച്ചിട്ടില്ലാത്തതോ, വകുപ്പ് തലത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നതോ ആയ പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്താറില്ല.

പ്ലാൻ കോഓർഡിനേറ്ററെ നിശ്ചയിക്കൽ, വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കൽ, സ്റ്റാറ്റസ് റിപ്പോർട്ടുകളും, പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറാക്കൽ, വായ്പകൾ സംബന്ധിച്ച് ബാങ്കുകളുമായി ചർച്ച, വിവിധ മേഖലകളിലെ വിദഗ്ധരുമായി നടത്തുന്ന സ്റ്റേക്ക് ഹോൾഡർ കൂടിയാലോചന. ഗ്രാമസഭ, സ്റ്റാറ്റസ് റിപ്പോർട്ടുകളുടേയും പ്രൊജക് നിർദ്ദേശങ്ങളുടേയും അന്തിമമാക്കൽ, വികസനരേഖ, പദ്ധതിരേഖ തുടങ്ങിയവ തയ്യാറാക്കൽ, വികസന സെമിനാർ. പദ്ധതി അടങ്കലും വകയിരുത്തലും തീരുമാനിക്കൽ, പ്രൊജക്ടുകൾ തയ്യാറാക്കൽ. സ്റ്റാന്റിംഗ് കമ്മറ്റി അംഗീകാരം, ഭരണസമിതി അംഗീകാരം, ജില്ലാ ആസൂത്രണ സമിതി അംഗീകാരം തുടങ്ങിയ വളരെ ദീർഘമായ നടപടിക്രമങ്ങളിലൂടെയാണ് പദ്ധതികൾക്ക് രൂപം നൽകുന്നത്. സംസ്ഥാന സർക്കാർ പദ്ധതി വിഹിതമായി അനുവദിക്കുന്ന തുകക്ക് പുറമെ റോഡിതര മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ്, ലോകബാങ്ക് സഹായം. കോർപ്പസ്

ഫണ്ട്. എം.പി എം.എൽ.എ തുടങ്ങിയവരുടെ പ്രാദേശിക വികസന ഫണ്ട് കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പദ്ധതികളുടെ ഭാഗമായി അനുവദിക്കുന്ന തുകകൾ തുടങ്ങിയവയാണ് ബ്ലോക്ക് പഞ്ചായത്തിനു ലഭിക്കുന്ന പ്രധാന ഫണ്ടുകൾ. ഇത്തരത്തിൽ ലഭിക്കുന്ന ഫലപ്രദമായി ജനോപകാരപ്രദമായും ചെലവഴിച്ച്, വികസന പ്രക്രിയക്ക് ആക്കം കൂട്ടുന്നതിനാണ് ബ്ലോക്ക് പഞ്ചായത്ത് പരിശ്രമിക്കുന്നത്.

പിഎംഎവൈ പ്രധാനമന്ത്രി ആവാസ് യോജന

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന താമസയോഗ്യമായ വീടില്ലാത്തവർക്ക്, കേന്ദ്രസംസ്ഥാന സർക്കാരും ത്രിതല പഞ്ചായത്ത് സംവിധാനവും സംയുക്തമായി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയാണ് പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഈ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിന് **72000** കേന്ദ്ര വിഹിതം. സംസ്ഥാന വിഹിതം **48000/-** ജില്ലാ പഞ്ചായത്ത് **98000/-**, ബ്ലോക്ക് പഞ്ചായത്ത് **112000/-**, ഗ്രാമപഞ്ചായത്ത് **70000/-**, രൂപ എന്നിങ്ങനെ ആകെ **400000** (നാല് ലക്ഷം രൂപ അനുവദിച്ച് നൽകുന്നു. ഇത്തരത്തിൽ **SC** വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് കേന്ദ്ര വിഹിതം **72000/-** രൂപ, സംസ്ഥാന വിഹിതം **48000/-** രൂപ, ബ്ലോക്ക് വിഹിതം **72000/-** രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം **63000/-** രൂപ, ഗ്രാമപഞ്ചായത്ത്ത വിഹിതം **42000/- SC** ഡിപ്പാർട്ട്മെന്റ് വിഹിതം **100000** രൂപ എന്നിങ്ങനെ ആകെ **400000** രൂപ അനുവദിക്കുന്നു. **PMAY ST** വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് **72000** കേന്ദ്ര വിഹിതം, **48000** സംസ്ഥാന സർക്കാർ വിഹിതം, **130000/-** രൂപ ജില്ലാ പഞ്ചായത്ത് വിഹിതം, **100000** രൂപ ഡിപ്പാർട്ട്മെന്റ് വിഹിതം എന്നിങ്ങനെ **600000** രൂപ അനുവദിക്കുന്നു.

പിഎംജൻമൻ (പ്രധാന മന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ)

പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ പദ്ധതി പ്രകാരം **PVTG** ഗ്രൂപ്പിൽ ഉൾപ്പെട്ട ടൈബൽ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണം നടത്തുന്നതിനുള്ളതാണ്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ താമസിച്ചു വരുന്ന കാട്ടുനായ്ക്ക വിഭാഗത്തിന് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഈ പദ്ധതി പ്രകാരം **120000** രൂപ കേന്ദ്ര വിഹിതം, **80000** രൂപ സംസ്ഥാന വിഹിതം, **100000** രൂപ പട്ടിക വർഗ്ഗ വകുപ്പ് വിഹിതം ജില്ലാ പഞ്ചായത്ത് **105000**, ബ്ലോക്ക് പഞ്ചായത്ത് **120000** രൂപ, **75000** രൂപ ഗ്രാമപഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി ആകെ **600000** രൂപ ഗുണഭോക്താവിന് നൽകുന്നു.

PMKSY WDC

പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന ഓരോ തുള്ളി ജലത്തിലും കൂടുതൽ വിളവ് എന്ന ആപ്ത വാക്യവുമായി കൃഷിയിടങ്ങളിലെ ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനും, ജലസേചനത്തിലൂടെ കൃഷിയോഗ്യമായ പ്രദേശങ്ങൾ വികസിപ്പിക്കുന്നതിനും കൃഷിയിടങ്ങളിലെ ജലസേചനം മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ് (പി എം കെ എസ് വൈ) പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന, നീർത്തട ഘടകം, സുൽത്താൻ ബത്തേരി ബ്ലോക്കിൽ നൂൽപ്പുഴ, നെൻമേനി

ഗ്രാമപഞ്ചായത്തുകളിലായി തേലംമ്പറ്റ, മാതമംഗലം, പുത്തൻക്കുന്ന്, നമ്പിക്കൊല്ലി, കുപ്പാടി എന്നീ നീർത്തടങ്ങളിലായി നടപ്പാക്കി വരുന്നു. ഇതിലൂടെ നീർത്തട പ്രദേശത്തെ കർഷകർക്ക് ജീവിത നിലവാരം ഉയർത്തുന്നതിനും പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ച് കൊണ്ട് സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും കഴിയുന്നു.

വിവരാവകാശ നിയമം

പൊതു അധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ സമൂഹത്തിലെ മുഴുവൻ പൗരന്മാർക്കും ലഭ്യമാക്കുന്നതിലൂടെ പൊതു അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്തം നിലനിർത്തുന്നതിനും അഴിമതി തുടച്ചുമാറ്റുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് രൂപം നൽകിയാണ് **2005** ലെ വിവരാവകാശ നിയമം രാജ്യ സുരക്ഷക്കും മറ്റു ചില കാര്യങ്ങളിലുള്ള (പ്രത്യേക സംരംക്ഷണത്തിനുള്ള വിവരങ്ങളും ഒഴികെയുള്ള എല്ലാ വിവരങ്ങളും നിയമാനുസൃതമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്ന് നിയമം അനുശാസിക്കുന്നു. വിവരാകാശ നിയമ പ്രകാരം പൊതുജനങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ചോ, സ്വമേധയായോ വിവരങ്ങൾ നൽകുകയോ ചെയ്യേണ്ടതാണ്. സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ ധനസഹായം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ അധീനതിയിലുള്ള ഒരു ജോലിയോ, പ്രമാണമോ, രേഖയോ പരിശോധിക്കുന്നതിനുള്ള അവകാശം. രേഖയുടെയോ, പ്രമാണത്തിന്റേയോ കുറിപ്പുകളോ സംക്ഷിപ്തമോ എടുക്കൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എടുക്കൽ, ഇലക്ട്രോണിക് സംവിധാനങ്ങളിൽ ശേഖരിച്ചു വെച്ചിട്ടുള്ള വിവരങ്ങൾ പ്രിന്റ് ഔട്ടുകളായോ ഇലക്ട്രോണിക് രൂപത്തിലോ പകർത്തിയെടുക്കാനുള്ള അവകാശം തുടങ്ങിയവയും ഈ നിയമത്തിലുണ്ട്.

വിവരങ്ങളാവശ്യപ്പെടുന്ന വ്യക്തി എന്തൊക്കെ വിവരങ്ങളാണ് ലഭിക്കേണ്ടത് എന്ന് രേഖാമൂലമോ, ഇലക്ട്രോണിക് മാധ്യമത്തിലൂടെയോ ബന്ധപ്പെട്ട വകുപ്പിന്റെ പബ്ലിക് ഇൻഫർമേഷൻ/അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവാര്യപ്പെട്ടാൽ മുപ്പതു ദിവസത്തിനകം വിവരം ലഭ്യമാക്കണം. അപേക്ഷയോടൊപ്പം നിശ്ചിത ഫീസ് നൽകിയിരിക്കണം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് ഫീസ് ആവശ്യമില്ല. ഒരു സാധാരണ പേജിന് **2** രൂപയും മറ്റുള്ളവക്ക് യഥാർത്ഥ ചിലവും നൽകണം ആദ്യത്തെ ഒരു മണിക്കൂർ സൗജന്യമായും തുടർന്നുള്ള ഓരോ മണിക്കൂറിനും പത്തുരൂപ പ്രകാരം ഒടുക്കിയും രേഖകൾ നേരിട്ട് പരിശോധിക്കാവുന്നതാണ്. നിശ്ചിയ സമയത്തിനകം വിവരങ്ങൾ ലഭ്യമാകുന്നില്ലെങ്കിൽ മുപ്പതു ദിവസത്തിനുള്ളിൽ ഉയർന്ന തലത്തിൽ അപ്പീൽ നൽകാവുന്നതാണ്.

സുൽത്താൻ ബത്തേരി ബ്ലോക്കിലേയും ഘടകസ്ഥാപനങ്ങളിലേയും വയനാട് ജില്ലയിലെ മറ്റ് ചില ഓഫീസുകളിലേയും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പലറ്റ് അതോറിറ്റി എന്നിവരെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു

ക്രമ നമ്പർ	ഓഫീസിന്റെ പേര്	അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ	പബ്ലിക് ഇൻഫർമേഷന് ഓഫീസർ	അപ്പലറ്റ് അതോറിറ്റി
1	ബ്ലോക്ക് പഞ്ചായത്ത്	സീനിയർ ക്ലർക്ക്	ഹെഡ് ക്ലർക്ക്	ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

ഘടകസ്ഥാപനങ്ങളും കീഴിലുള്ള ഓഫീസുകളും

ഭരണഘടനയുടെ എഴുപത്തിമൂന്നാം ഭേദഗതിക്കനുസൃതമായി പാസ്സാക്കിയ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് കേരളത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനം നടപ്പാക്കിയത്. സംസ്ഥാന സർക്കാർ നടപ്പാക്കിയിരുന്ന നിരവധി വികസന ക്ഷേമ പ്രവർത്തനങ്ങൾ പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് കൈമാറ്റം ചെയ്യട്ടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥ സംവിധാനം മുതലായവ താഴെതട്ടിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി ഇതു സംബന്ധിച്ച് ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതികൾ വരുത്തിയും നിരവധി ഉത്തരവുകളിലൂടെ നിർദ്ദേശങ്ങൾ നൽകിയും തദ്ദേശ സ്വയം ഭരണ സംവിധാനങ്ങളെ ശക്തിപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ കൈമാറ്റം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥ സംവിധാനം മുതലായവ താഴേത്തട്ടിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട നിയമങ്ങളിൽ ദേദഗതികൾ വരുത്തിയും നിരവധി ഉത്തരവുകളിലൂടെ നിർദ്ദേശങ്ങൾ നൽകിയും സംവിധാനങ്ങളെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും താഴെ പറയുന്നവയാണ്. ബ്ലോക്ക് പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്ന എൽ.എസ്.ജി.ഡി അസി. എക്സി. എൻജീനിയറും അദ്ദേഹത്തിന്റെ ഓഫീസും ജീവനക്കാരും താഴെ പറയുന്ന ഓഫീസുകൾക്ക് പുറമെയാണ്.

ക്രമ നമ്പർ	വകുപ്പ്	സ്ഥാപനങ്ങൾ ഉദ്യോഗസ്ഥർ
1	കൃഷി	കൃഷി അസിസ്റ്റന്റ് ഡയറക്ടർ
2	മൃഗസംരക്ഷണം	സീനിയർ വെറ്ററിനറി സർജൻ
3	വ്യവസായം	വ്യവസായ വികസന ഓഫീസർ
4	ആരോഗ്യം	സൂപ്രണ്ട്,മെഡിക്കൽ ഓഫീസർ
5	ആയുർവേദം	ചീഫ് മെഡിക്കൽ ഓഫീസർ
6	ക്ഷീരവികസനം	ക്ഷീരവികസന ഓഫീസർ
7	സാമൂഹ്യനീതി	ശിശുവികസന പദ്ധതി ഓഫീസർ
8	പട്ടികജാതി വികസനം	പട്ടികജാതി വികസന ഓഫീസർ
9	പട്ടികവർഗ്ഗവികസനം	പട്ടികവർഗ്ഗവികസന ഓഫീസർ

ഘടക സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

മേൽവിലാസം.	ഫോൺ നമ്പർ
അസിസ്റ്റന്റ്റ് ഡയറക്ടർ കൃഷി, മിനി സിവിൽ സ്റ്റേഷൻ ബത്തേരി പിൻ - 673592	04936-227210
കൃഷി ഓഫീസർ, കൃഷിഭവൻ, നായ്ക്കട്ടി പി.H, 673592	04936--270061
കൃഷി ഓഫീസർ കൃഷിഭവൻ മീനങ്ങാടി - 673591	04936--246280
കൃഷി ഓഫീസർ, കൃഷിഭവൻ അമ്പലവയൽ പിൻ - 673593	04936--260181
കൃഷി ഓഫീസർ. കൃഷിഭവൻ, കോളിയാടി	04936--266290
വ്യവസായ വികസന ഓഫീസർ, ബത്തേരി ബ്ലോക്ക് പഞ്ചായത്ത്	04936--220202
ശിശു വികസന ഓഫീസർ, സുൽത്താൻ ബത്തേരി	04936- -222844
ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, ബത്തേരി	04936 -221644
ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, ബത്തേരി	04936 -221074

സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ

വിശദീകരണം

പദ്ധതിയുടെ പേര്	പൗരൻ ഇത് ലഭിക്കുന്നതിന് എന്തു ചെയ്യണം	ബ്ലോക്ക് തല ചുമതല
1. ഐ.എ.വൈ ഭവന നിർമാണം	ദാരിദ്ര്യ രേഖക്ക് താഴെയുള്ള 3 സെന്റ് സ്ഥലമുള്ള ഭവന രഹിതനായിരിക്കണം. അപേക്ഷ ഗ്രാമ പഞ്ചായത്തിൽ നൽകണം. ഗ്രാമസഭ അംഗീകാരത്തോടെ ബ്ലോക്ക് തലത്തിലേക്ക് ലിസ്റ്റ് ഗ്രാമ പഞ്ചായത്ത് നൽകണം. കൂടുതൽ വിവരങ്ങൾ വി.ഇ.ഒ മാരിൽ നിന്നും ലഭിയ്ക്കും.	ജോയന്റ് ബി.ഡി.ഒ (ആർ.എച്ച്)
2. ഐ.എ.വൈ ഭവനം അഭിവൃദ്ധിപ്പെടുത്തൽ	ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബത്തിന്റെ സ്ഥിരസ്വഭാവമുള്ള വീടിന്റെ അഭിവൃദ്ധിക്കാണിത് നൽകുന്നത് നൽകുന്നത്. കൂടുതൽ വിവരങ്ങൾ വി.ഇ.ഒ മാരിൽനിന്നും ലഭിക്കും. ഗ്രാമസഭാ ലിസ്റ്റിൽ ഉണ്ടാവണം. അപേക്ഷ പഞ്ചായത്തിൽ നൽകണം.	ജോയന്റ് ബി.ഡി.ഒ (ആർ.എച്ച്)
3. ബി.പി.എൽ സർട്ടിഫിക്കറ്റ്	ബിപിഎൽ സാക്ഷ്യപത്രത്തിനുള്ള അപേക്ഷ ലഭിച്ച് 5 മിനിറ്റിനുള്ളിൽ സാക്ഷ്യപത്രം നൽകും	ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ
4. ദേശീയ സമ്പാദ്യ പദ്ധതി	ഗ്രാമീണ ജനങ്ങളുടെ സമ്പാദ്യ ശീലം വളർത്തുന്നതിന് പോസ്റ്റാഫീസ് മുഖേന ലഘു നിക്ഷേപ പദ്ധതികളും സ്ഥിര നിക്ഷേപ പദ്ധതികളുമുണ്ട്. മഹിളാ പ്രധാൻ ഏജന്റുമാരുടെ സേവനം ലഭ്യമാണ്. ഫോൺ 220202 ആർ.ഡി. അക്കൗണ്ട് മുഖേന മാസാമാസം ഒരു സ്ഥിരമായ സംഖ്യ നിക്ഷേപിച്ചാൽ 60 മാസത്തിന് ശേഷം പലിശ സഹിതം തുക തിരികെ ലഭിക്കുന്നതാണ്. സംഖ്യ അടക്കുമ്പോൾ ഇൻവസ്റ്റേർഴ്സ് കാർഡിൽ ഏജന്റിന്റെ ഒപ്പിട്ട് വാങ്ങണം. പരാതിയുണ്ടെങ്കിൽ ബി.ഡി.ഒ യെ അറിയിക്കണം,	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ
5. സമ്പൂർണ്ണ ശുചിത്വ പ്രവർത്തനം	ശുചിത്വത്തിന്റെ ആവശ്യകത ജനങ്ങളിൽ എത്തിക്കുന്നതിന് ബോധവത്ക്കരണം നടത്തുന്നു. വ്യക്തഗത ലാട്രിൻ, സ്കൂൾ ലാട്രിൻ, സാനിട്ടറി കോപ്ലക്സ് എന്നിവ നിർമ്മിക്കുക. വി.ഇ.ഒ മാരെ സമീപിക്കുകയോ 220202 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ
6. പട്ടികജാതിക്കാർക്കുള്ള വിവിധ പദ്ധതികൾ	വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ഹോസ്റ്റൽ പ്രവേശനം, പരീക്ഷാ പരിശീലനങ്ങൾ, അവാർഡുകൾ, സ്കോളർഷിപ്പുകൾ, സ്വയം തൊഴിൽ പദ്ധതി, ഭവന പദ്ധതി, മിശ്രവിവാഹ ധനസഹായം, ഭൂരിഹിതർക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്ന പദ്ധതി, ബോധവത്കരണ പ്രവർത്തനങ്ങൾ, നാടൻ കലാപ്രോത്സാഹനം, സാഹിത്യ	പട്ടികജാതി വികസന ഓഫീസർ

	ശില്പശാല, എസ്. എസ്. എൽസി പ്ലസ് ടു, ഡിഗ്രി പരാജയപ്പെട്ടവർക്ക് തുടർ പഠന പദ്ധതി എന്നിവക്ക് പട്ടികജാതി വികസന ഓഫീസറെ സമീപിക്കുക.	
7. വ്യവസായ പദ്ധതികൾ	പി.എം.ആർ.വൈ, എസ്.എസ്.ഐ, ടെക്നോളജി ഡവലപ്മെന്റ് പരിശീലനങ്ങൾ, മറ്റ് തൊഴിൽ വായ്പകൾ, സാങ്കേതിക സഹായം എന്നിവ ലഭ്യമാണ്. ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറെ സമീപിക്കുക.	വ്യവസായ വികസന ഓഫീസർ
8. സാമൂഹ്യക്ഷേമ പദ്ധതികൾ	അനുപൂരക പോഷകാഹാരം, അനൗപചാരിക പ്രീ സ്കൂൾ വിദ്യാഭ്യാസം, രോഗ പ്രതിരോധ കുത്തിവെയ്പ്പും, ചികിത്സയും, ആരോഗ്യ പോഷണ വിദ്യാഭ്യാസം, സ്ത്രീ ശാക്തീകരണ പ്രവർത്തനം, ബാലികാ സമൃദ്ധി യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതി, കൗമാര പ്രായക്കാരായ കുട്ടികൾക്കുള്ള പോഷകാഹാരം	സി.ഡി.പി.ഒ
9. കാർഷിക മേഖലയിലെ പദ്ധതികൾ	അഗ്രോ ക്ലിനിക്കുകൾ, സമഗ്ര തെങ്ങ് കൃഷി വികസനം നടീൽ വസ്തുതകളുടെ വിതരണം, ബയോ ഗ്യാസ്, മണ്ണ് പരിശോധനയും ബോധവത്കരണവും, കാർഷിക ദിനാചരണം, സെമിനാറുകൾ, പ്രകൃതിക്ഷോഭത്തിനുള്ള നഷ്ട പരിഹാരം, വിള ഇൻഷുറൻസ്, കീട നിയന്ത്രണങ്ങൾ, കാർഷിക വിജ്ഞാനം, കർഷക പെൻഷൻ സ്കീം എന്നിവ ലഭ്യമാക്കാൻ കൃഷി ഓഫീസർമാരെയോ, അസി. ഡയറക്ടർ അഗ്രിക ൾച്ചറിനെയോ സമീപിക്കുക.	കൃഷി അസി.ഡയറക്ടർ
10. ആരോഗ്യം	ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി, മൂന്ന് സി.എച്ച്.സി കളുണ്ട്. ഈ ഹെൽത്ത് സെന്ററുകളിൽ ഐ.പി., ഒ.പി വിഭാഗങ്ങൾ പ്രവർത്തിക്കുന്നു. രാവിലെ 8.30 മുതൽ 12 വരെ ഒ.പി. വിഭാഗവും, മുഴുവൻ സമയവും ഐ.പി. വിഭാഗവും പ്രവർത്തിക്കുന്നു. ഇ.എൻ.ടി ഗൈനോ, ഓർത്തോ വിഭാഗങ്ങളുണ്ട്. പാരാ മെഡിക്കൽ വിഭാഗങ്ങളും പ്രവർത്തിച്ചു വരുന്നു. ആശുപത്രി സേവനങ്ങളും ലഭ്യമാണ്.	സൂപ്രണ്ട്/ മെഡിക്കൽ ഓഫീസർ
11. ആയുർവ്വേദം	ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ സുൽത്താൻ ബത്തേരി താലൂക്ക് ആയുർവ്വേദ ആശുപത്രി പ്രവർത്തിക്കുന്നു. രാവിലെ 8.30 മുതൽ 12 വരെ ഒ.പി. വിഭാഗവും, മുഴുവൻ സമയവും ഐ.പി. വിഭാഗവും പ്രവർത്തിക്കുന്നു. ആശുപത്രി സേവനം നേരിട്ട് സമീപിച്ചാൽ ലഭ്യമാണ്.	ചീഫ് മെഡിക്കൽ ഓഫീസർ
12. മൃഗസംരംക്ഷണം	ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ ഒരു വെറ്റിനറി പോളി ക്ലിനിക്ക് ഉണ്ട്. ഇവിടെ രാവിലെ 9 മണിമുതൽ 12 വരേയും ഉച്ചകഴിഞ്ഞ് 2 മുതൽ 4 മണിവരേയും ഒ.പി വിഭാഗം പ്രവർത്തിക്കുന്നു. കന്നുകാലികൾക്കുള്ള കൃത്രിമ	സീനിയർ വെറ്ററിനറി സർജൻ

	ബീജസങ്കലനം, പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി, കന്നുകാലികൾക്കുള്ള ഇൻഷുറൻസ് ഗ്രൂഷ് ഇൻഷുറൻസ്, മറ്റു പലതരം പ്രതിരോധ കുത്തി വെഷുകൾ എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. ആശുപത്രി സേവനം നേരിട്ട് സമീപിച്ചാൽ ലഭ്യമാണ്.	
13.ക്ഷീരവികസനം	ക്ഷീര വ്യവസായവുമായി ബന്ധപ്പെട്ട കാര്യങ്ങളിലുള്ള ബോധവൽക്കരണം, പുൽകൃഷിക്ക് ആവശ്യമായ ധനസഹായം, ഡയറി യൂണിറ്റുകൾ ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം തുടങ്ങിയ പരിപാടികൾ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഡയറി എക്സ്റ്റൻഷൻ ഓഫീസുമായി ബന്ധപ്പെട്ടാൽ ലഭ്യമാണ്.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ